ഉത്തരം

(എ) 1991 മുതൽ 1996 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി. നിയമന ശുപാർശ നടത്തിയ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ജോസഫ് കമ്മിഷൻ മുമ്പാകെ പബ്ലിക് സർവ്വീസ് കമ്മിഷൻ തെളിവിനായി നൽകിയിരുന്നു. കോപ്പി ഇതോടെപ്പം വയ്ക്കുന്നു.†

(ബി) പ്രസ്തുത ലിസ്റ്റിലെ സംവരണ വിഭാഗത്തിന്റെ പ്രാതിനിധ്യം കാണിച്ചിരിക്കുന്നത് സംവരണ റൊട്ടേഷൻ പ്രകാരം നിയമനം ലഭിച്ചവരെ മാത്രം ഉൾപ്പെടുത്തിയാണ്. ഓപ്പൺ കാറ്റഗറിയിൽ മെറിറ്റടിസ്ഥാനത്തിലുള്ള നിയമന ശുപാർശ ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ മെരിറ്റടിസ്ഥാനത്തിൽ നിയമന ശുപാർശ ലഭിച്ചിട്ടുള്ള സംവരണ വിഭാഗക്കാരും ഉൾപ്പെടും. കെ.എസ്.ആന്റ് എസ്.എസ്.ആർ. 14 മുതൽ 17 വരെയുള്ള റൂൾസ് അനുസരിച്ചാണ് ഇപ്രകാരം ചെയ്യുന്നത്.

തൃശ്ശൂർ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

86 (94) ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റ് കൃാൻസൽ ചെയ്തശേഷം എത്ര ഒഴിവുകളാണ് നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിലവിലുള്ള പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എൽ.ഡി.ക്ലാർക്കിന്റെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് ; ഇതിന്റെ വിശദ വിവരം വെളിപ്പെടുത്താമോ ;

(ഡി) തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 234 ഒഴിവുകൾ

(ബി & സി) 2-5-2000 - ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നടത്താൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നിലവിലുണ്ടാകുന്ന എല്ലാ ഒഴിവുകളും യഥാസമയം നിയമാനുസൃതം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി ലിസ്റ്റു നിലവിലുള്ളപ്പോൾ അതിൽ നിന്നും മാത്രം നിയമനം നടത്തുന്നതിനും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്

† അനുബന്ധം XI,XII

LIBRARY ARCHIVES Kerala Legislative Assembly